700 ച.അടി) സപ്ലൈകോ മാവേലി സ്റ്റോറുകളിൽ ബ്രാന്റഡ് ഇനങ്ങൾക്ക് സെൽഫ് സർവ്വീസ് സൗകര്യംകൂടി ഏർപ്പെടുത്തിയും മാവേലി സൂപ്പർ സ്റ്റോറുകൾ ആയി ഉയർത്തുന്നതിനും 1500 ച.അടി വിസ്തീർണ്ണം ലഭ്യമാക്കുന്ന മുറയ്ക്ക് പ്രതിമാസ വിൽപ്പന വിലയിരുത്തി വിപണന സാദ്ധ്യത കൂടി മുൻനിർത്തി അനുയോജ്യമായ ഫർണിഷിംഗ് ജോലികൾ ചെയ്ത് നവീകരിച്ച് സൂപ്പർമാർക്കറ്റുകളായി ഉയർത്തുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ഡി) സപ്ലൈകോ സൂപ്പർ മാർക്കറ്റുകളിലും ഔട്ട് ലെറ്റുകളിലും നിലവാരമുള്ള സ്ത്രീ സൗഹൃദ ടോയ്ലെറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

സ്വീകരിക്കും. സപ്ലൈകോ വിൽപ്പനശാലകളുടെ കെട്ടിടമാറ്റം, പുതിയ വിൽപ്പനശാലകൾക്കായി കെട്ടിടം ഏറ്റെടുക്കൽ മുതലായ സാഹചര്യങ്ങളിൽ ശുചിമുറി സൗകര്യംകൂടി ഉറപ്പാക്കി മാത്രമാണ് കെട്ടിടങ്ങൾ ഏറ്റെടുക്കാൻ അനുമതി നൽകിവരുന്നത്. നിലവിലെ വിൽപ്പനശാല കെട്ടിടങ്ങളുടെ വാടക കരാർ പുതുക്കുന്ന അവസരങ്ങളിലും ശുചിമുറി സൗകര്യം ഉറപ്പാക്കി മാത്രമാണ് കരാർ പുതുക്കുന്നതിന് നിർദ്ദേശം നൽകുന്നത്.

**സ്റ്റാർട്ടപ്പ് മിഷന്റെ പ്രവർത്തനം**

17(*287) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്റ്റാർട്ടപ്പ് മിഷനുകൾക്ക് കീഴിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകളുടെ പ്രവർത്തനമികവ് അവലോകനം ചെയ്യാറുണ്ടോയെന്ന് അറിയിക്കാമോ?

ഉണ്ട്.

(ബി) സർക്കാരിന്റെ അടിസ്ഥാന സൗകര്യം ഉപയോഗിക്കുകയും മറ്റ് ആനുകൂല്യങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടും യാതൊരു ഉൽപാദനക്ഷമതയും കാണിക്കാതിരിക്കുന്ന സ്റ്റാർട്ടപ്പ് കമ്പനികൾക്കെതിരെ സ്റ്റാർട്ടപ്പ് മിഷൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

സർക്കാരിന്റെ ആനുകൂല്യങ്ങൾ സ്വീകരിക്കുന്ന സ്റ്റാർട്ടപ്പുകൾ ഉൽപ്പാദന ക്ഷമത കാണിക്കാതെ തുടരുന്ന അവസ്ഥ നിലവിലില്ല.

(സി) ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ക്വാണ്ടം കമ്പ്യൂട്ടിംഗ്, ക്രിപ്റ്റോ കറൻസി തുടങ്ങിയ അതിനൂതന സാങ്കേതിക മേഖലകളിൽ ഗവേഷണങ്ങൾ നടത്തിവരുന്ന സ്റ്റാർട്ടപ്പുകൾ സ്റ്റാർട്ടപ്പ് മിഷന് കീഴിലുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ ആനുകൂല്യങ്ങളാണ് ഇത്തരം കമ്പനികൾക്ക് നൽകാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ക്വാണ്ടം കമ്പ്യൂട്ടിംഗ്, ബ്ലോക്ക് ചെയിൻ തുടങ്ങിയ അതി നൂതന സാങ്കേതിക മേഖലകളിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകൾ നിലവിലുണ്ട്. ഇത്തരം സ്റ്റാർട്ടപ്പുകൾക്ക് വിദഗ്ദ്ധ മെന്റർഷിപ്പ്, ഫണ്ടിംഗ്, ക്ലൗഡ് ക്രെഡിറ്റ്സ്, ജി.പി.യു. മെഷീനുകൾ എന്നിവ ലഭ്യമാക്കി വരുന്നു. പ്രസ്തുത ആനുകൂല്യങ്ങൾ ഇത്തരം സ്റ്റാർട്ടപ്പുകളുടെ വളർച്ചയ്ക്ക് സഹായകരമാണ്. ക്രിപ്റ്റോ കറൻസിയിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകൾ നിലവിൽ സ്റ്റാർട്ടപ്പ് മിഷനു കീഴിലില്ല.

(ഡി) ഇല്ലെങ്കിൽ കേരളത്തിലെ മിടുക്കരായ വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് പ്രസ്തുത മേഖലകളിൽ വിദഗ്ദ്ധ പരിശീലനം നൽകി കേരളത്തെ അതിനൂതന സാങ്കേതിക വിദഗ്ദ്ധരുടെ ടെക്നോളജി ഹബ്ബാക്കി മാറ്റുവാൻ സ്റ്റാർട്ടപ്പ് മിഷന് പദ്ധതിയുണ്ടോ?

കേരള സ്റ്റാർട്ടപ്പ് മിഷനു കീഴിൽ 283 ഇന്നൊവേഷൻ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്ററുകൾ (IEDC) കോളേജുകളിൽ പ്രവർത്തിക്കുന്നുണ്ട്. മിടുക്കരായ വിദ്യാർത്ഥികളെ അവിടെ നിന്നും തെരഞ്ഞെടുക്കുന്നതിന് പദ്ധതികൾ നിലവിലുണ്ട്. ഫ്യൂച്ചർ ടെക്നോളജി ലാബിലൂടെ മിടുക്കരായ വിദ്യാർത്ഥികൾക്ക് നൂതന സാങ്കേതിക വിദ്യയിൽ പരിജ്ഞാനം നൽകി വരുന്നു. അതിലുപരി സർക്കാർ സംവിധാനങ്ങളായ കേരള ഡെവലപ്മെന്റ് ആന്റ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (KDISC), ഡിജിറ്റൽ യൂണിവേഴ്സിറ്റി എന്നിവയിലൂടെ വിദഗ്ദ്ധ പരിശീലനവും നൽകുന്നുണ്ട്. അതിൽ നിന്നും വരുന്ന വിദ്യാർത്ഥികളെ വ്യാവസായിക പരിചയത്തിനുവേണ്ടി സ്റ്റാർട്ടപ്പുകളുമായി ബന്ധപ്പെടുത്താറുണ്ട്.

**ആരോഗ്യ സ്ഥാപനങ്ങൾക്ക് എൻ.ക്യു.എ.എസ്. അംഗീകാരം**

18(*288) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>:
<u>ശ്രീ. എം. മുകേഷ്</u>:
<u>ശ്രീ. എ. പ്രഭാകരൻ</u>:
<u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്ജ്</u>) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആരോഗ്യ സ്ഥാപനങ്ങളെ ദേശീയ ഗുണനിലവാര അംഗീകാരം നേടിയെടുക്കത്തക്ക തരത്തിൽ മികവുള്ളതാക്കി മാറ്റാനായിട്ടുണ്ടോ; ഇതുവരെ എത്ര സ്ഥാപനങ്ങൾക്ക് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാന്റേർഡ് അംഗീകാരം ലഭിച്ചു; എൻ.ക്യു.എ.എസ്. അംഗീകാരം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ?